**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**19.05.2017-ൽ മറുപടിയ്ക്ക്**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 4801**

# മത്സ്യസംസ്കരണ മേഖലയിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.എം.ആരിഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മത്സ്യസംസ്ക്കരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ അനുബന്ധ മത്സ്യ തൊഴിലാളികളായിട്ടാണ് പരിഗണിക്കുന്നത്.<br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യ അനുബന്ധമേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡ് മുഖേന 11 പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

**അനുബന്ധത്തൊഴിലാളിക്ഷേമ പദ്ധതികൾ**

| | | |
|---|---|---|
| | **ഗ്രൂപ്പ് ഇൻഷ്വറൻസ്** | |
| | 1. അപകടമരണം/അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത. (2017 ഡിസംബർ മാസം മുതൽ ഗ്രൂപ്പ് ഇൻഷ്വുറൻസ് തുക 10 ലക്ഷം ലഭിക്കുന്നതാണ്) | 5,00,000/- |
| | 2. അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത | 2,50,000/- |
| | 3. കുട്ടികളുടെ പഠന ചിലവ് ( 2 പേർക്ക് പരമാവധി) | 10,000/- |
| | 4. ശവസംസ്കാര ചിലവ് | 2,500/- |
| | 5. അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (പരമാവധി) | 25,000/- |
| 2 | വാർദ്ധക്യകാല പെൻഷൻ( പ്രതിമാസം) | 1100/- |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000/- |

| | | |
|---|---|---|
| 4 | പ്രസവശുശ്രൂഷാ ധനസഹായം | 750/- |
| 5 | **എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്**<br>10എ+ലഭിക്കുന്നവർക്ക്<br>9എ+ലഭിക്കുന്നവർക്ക്<br>8എ+ലഭിക്കുന്നവർക്ക്<br><br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്ക്കൂളിലേയും) | <br>5,000/-<br>4,000/<br>3,000/-<br><br>3000/- |
| 6 | മാരകരോഗചികിൽസാ പദ്ധതി (പരമാവധി) | 25,000/- |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ബോർഡിന്റെ പ്രത്യേക ധനസഹായം | |
| 10 | **ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം**<br><br>പ്ളസ്2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്ന വർക്ക്<br><br>വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്ന വർക്ക് | <br><br>5000/- രൂപ<br><br>5000/- രൂപ |
| 11 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിയക്കുന്ന മുറയ്ക്ക് | 1350/- |

| | | | |
|---|---|---|---|
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മത്സ്യസംസ്ക്കരണ മേഖലയിൽ പണിയെടുക്കുന്നവരെ അനുബന്ധ മത്സ്യത്തൊഴിലാളികളായിട്ടാണ് പരിഗണിക്കു ന്നത്. നിലവിൽ അനുബന്ധ തൊഴിലാളികൾക്ക് നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും മത്സ്യ സംസ്ക്കരണ തൊഴിലാളികൾ അർഹരാണ്. എന്നാൽ മത്സ്യ തൊഴിലാളികൾക്ക് നൽകി വരുന്ന എല്ലാ ആനുകുല്യങ്ങൾക്കും അനുബന്ധ തൊഴിലാളികൾ അർഹരല്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ, മത്സ്യ തൊഴിലാളികൾക്ക് വകയിരുത്തുന്ന തുകയിൽ കുറവ് വരുത്താതെ തന്നെ, മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യ സംസ്കരണ തൊഴിലാളികൾക്കും ലഭിക്കുന്നതിന് അധികമായി തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ